# ദഅ്‌വത്തിന്റെ നൂതന രീതികൾ

**ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ (رحمه الله)**

**വിവർത്തനം: ശമീർ മദീനി**

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(رحمه الله)യോട് ചോദിക്കപ്പെട്ടു. “വൻ പാപങ്ങളിൽപ്പെട്ട കൊല, കൊള്ള, മോഷണം, മദ്യപാനം തുടങ്ങി പലതും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ഒരുമിച്ചു കൂട്ടുന്ന ഒരു സംഘമാളുകൾ. അവരെ ആ തിന്മയിൽ നിന്ന് തടയുവാൻ നന്മയിൽ സുപരിചിതനായ, സുന്നത്ത് അനുധാവനം ചെയ്യുന്ന ഒരു പണ്ഡിതൻ ഉദ്ദേശിക്കുന്നു. അവർക്കായി ഒരു കലാപരിപാടി സംഘടിപ്പിക്കുകയല്ലാതെ മറ്റ് വഴികളില്ല. അതായത് അനുവദനീയമായ കവിതകളും മണിനാദമില്ലാത്ത ദഫ്ഫുമൊക്കെയുള്ള, എന്നാൽ ഹറാമുകളായ സംഗതികൾ ഒഴിവാക്കിക്കൊണ്ട് അദ്ദേഹം അപ്രകാരം ചെയ്തു. തദ്ഫലമായി അവരിൽ ഒരുവിഭാഗം നമസ്കരിക്കാത്തവരും സകാത്ത് കൊടുക്കാത്തവരും മോഷണം നടത്തുന്നവരും ഒക്കെ ആയിരുന്നതിന് ശേഷം പശ്ചാത്തപിച്ചു മടങ്ങി. എന്നിട്ട് നിർബന്ധ ബാധ്യതകൾ നിർവ്വഹിക്കുന്നവരും നിഷിദ്ധങ്ങൾ ഉപേക്ഷിക്കുന്നവരും സംശയകരമായ കാര്യങ്ങളിൽ നിന്നുപോലും വിട്ടുനിൽക്കുന്നവരുമൊക്കെയായി മാറി അവർ. ഈ പണ്ഡിതൻ ചെയ്തത് പോലെ ഇത്തരം നന്മകൾ ലക്ഷ്യമാക്കി ഇതേപോലുള്ള പരിപാടികൾ സംഘടിപ്പിക്കൽ അനുവദനീയമാണോ? വിശിഷ്യാ അത്തരക്കാർക്ക് “ദഅ്‌വത്ത്” എത്തിക്കാൻ മറ്റ് മാർഗ്ഗങ്ങളില്ല എന്നിരിക്കെ?

(ശൈഖുൽ ഇസ്‌ലാം അതിന് നൽകിയ) മറുപടി:-

സർവ്വലോകങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.

ഇതും ഇതപോലുള്ളതുമായ ചോദ്യങ്ങൾക്കുള്ള മറുപടിയുടെ അടിസ്ഥാനം മുഹമ്മദ് നബി(ﷺ)യെ അല്ലാഹു സത്യദീനും സന്മാർഗവുമായി അയച്ചു എന്നറിയലാണ്. മറ്റ് മതങ്ങൾക്ക് മീതെ അത് വിജയം നേടുന്നതിന് വേണ്ടി. സാക്ഷിയായി അല്ലാഹു മതി. അപ്രകാരം തന്നെ അല്ലാഹു, പ്രവാചകനും ഉമ്മത്തിനുമായി ആ ദീനിനെ പൂർത്തീകരിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു.

ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ وَأَتۡمَمۡتُ عَلَيۡكُمۡ نِعۡمَتِي وَرَضِيتُ لَكُمُ ٱلۡإِسۡلَٰمَ دِينٗا

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിതന്നിരിക്കുന്നു. മതമായി ഞാൻ നിങ്ങൾക്ക് ഇസ്‌ലാമിനെ തൃപ്തിപ്പെട്ട് തരികയും ചെയ്തിരിക്കുന്നു.” (5:3)

അദ്ദേഹത്തെ വഴിപ്പെടുന്നവർക്ക് അദ്ദേഹം സൗഭാഗ്യജീവിതത്തെക്കുറിച്ച് സന്തോഷ വാർത്തയും ധിക്കരിക്കുന്നവർക്ക് ദുരിതങ്ങളെക്കുറിച്ചും മുൻകൂട്ടി അറിയിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു:

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُوْلَٰٓئِكَ مَعَ ٱلَّذِينَ أَنۡعَمَ ٱللَّهُ عَلَيۡهِم مِّنَ ٱلنَّبِيِّـۧنَ وَٱلصِّدِّيقِينَ وَٱلشُّهَدَآءِ وَٱلصَّٰلِحِينَۚ وَحَسُنَ أُوْلَٰٓئِكَ رَفِيقٗا

"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (4:69)

അല്ലാഹു പറയുന്നു:

وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ فَإِنَّ لَهُۥ نَارَ جَهَنَّمَ خَٰلِدِينَ فِيهَآ أَبَدًا

"വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം തീർച്ചയായും അവനുള്ളതാണ് നരഗാഗ്നി. അത്തരക്കാർ അതിൽ നിത്യവാസികളായിരിക്കും." (72:23)

തങ്ങളുടെ മതകാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമുള്ളവയെ അല്ലാഹു അയച്ച സത്യമാർഗത്തിലേക്ക് മടക്കണമെന്നും അദ്ദേഹം സൃഷ്ടികളോട് കൽപ്പിച്ചു.

അല്ലാഹു പറയുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِي ٱلۡأَمۡرِ مِنكُمۡۖ فَإِن تَنَٰزَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمۡ تُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ ذَٰلِكَ خَيۡرٞ وَأَحۡسَنُ تَأۡوِيلًا

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും." (4:59)

അല്ലാഹുവിലേക്കും അവന്റെ സന്മാർഗത്തിലേക്കുമാണ് താൻ ക്ഷണിക്കുന്നതെന്നും അദ്ദേഹം അറിയിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു:

قُلۡ هَٰذِهِۦ سَبِيلِيٓ أَدۡعُوٓاْ إِلَى ٱللَّهِۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِي

"(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും." (12 :108)

അല്ലാഹു പറയുന്നു:

وَإِنَّكَ لَتَهْدِىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ۝ صِرَٰطِ ٱللَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۗ أَلَآ إِلَى ٱللَّهِ تَصِيرُ ٱلْأُمُورُ

“തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ഏതൊരുവന്നുള്ളതാണോ ആ അല്ലാഹുവിന്റെ പാതയിലേക്ക്. ശ്രദ്ധിക്കുക; അല്ലാഹുവിലേക്കാകുന്നു കാര്യങ്ങൾ ചെന്നെത്തുന്നത്.” (42 : 52, 53)

അദ്ദേഹം സദാചാരം കൽപ്പിക്കുകയും ദുരാചാരം വിരോധിക്കുകയും നല്ല കാര്യങ്ങൾ അനുവദിക്കുകയും ചീത്തകാര്യങ്ങൾ വിലക്കുകയും ചെയ്യുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു:

وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ ۚ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ ٱلزَّكَوٰةَ وَٱلَّذِينَ هُم بِـَٔايَـٰتِنَا يُؤْمِنُونَ ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِىَّ ٱلْأُمِّىَّ ٱلَّذِى يَجِدُونَهُۥ مَكْتُوبًا عِندَهُمْ فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَـٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَـٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَـٰلَ ٱلَّتِى كَانَتْ عَلَيْهِمْ ۚ فَٱلَّذِينَ ءَامَنُوا۟ بِهِۦ وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُوا۟ ٱلنُّورَ ٱلَّذِىٓ أُنزِلَ مَعَهُۥٓ ۙ أُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ

“എന്റെ കാരുണ്യമാകട്ടെ സർവ്വ വസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കും. എന്നാൽ ധർമ്മനിഷ്ഠ പാലിക്കുകയും, സകാത്ത് നൽകുകയും, നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരായ ആളുകൾക്ക് (പ്രത്യേകമായി) ഞാൻ അത് രേഖപ്പെടുത്തുന്നതാണ്. (അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാന മില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ. (7:156–157)

തീർച്ചയായും അല്ലാഹു നബി (ﷺ) യോട് സർവ്വ നന്മകളും കൽപ്പിക്കുകയും സർവ്വ തിന്മകളും വിരോധിക്കുകയും ചെയ്തിട്ടുണ്ട്. നല്ലതൊക്കെയും അനുവദിക്കുകയും

ചീത്തയെല്ലാം വിലക്കുകയും ചെയ്തിട്ടുണ്ട്. സ്വഹീഹായ ഹദീഥിലൂടെ നബി (ﷺ) ൽ നിന്നും ഇപ്രകാരം സ്ഥിരപ്പെട്ടിരിക്കുന്നു. അവിടുന്ന് പറയുന്നു:

ما بعث الله نبيا إلا كان حقا عليه أن يدل أمته على خير ما يعلمه لهم وينهاهم عن شر ما يعلمه لهم

“അല്ലാഹു അയച്ച ഏതൊരു പ്രവാചകനും അദ്ദേഹം തന്റെ നന്മയായി ഉമ്മത്തിന് അറിഞ്ഞ കാര്യങ്ങൾ അവരെ അറിയിക്കലും അവർക്ക് തിന്മയായി മനസ്സിലാക്കിയ കാര്യങ്ങളെ തൊട്ട് അവരെ വിലക്കലും ബാധ്യതയാണ്.” (മുസ്‌ലിം)

ഇർബാദ് ബ്നു സാരിയ (ﷺ) വിൽ നിന്ന് ഇപ്രകാരം സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:

وعظنا رسول الله صلى الله عليه وسلم موعظة وجلت منها القلوب وذرفت منها العيون. قال: فقلنا: يا رسول الله كأن هذه موعظة مودع فماذا تعهد إلينا؟ فقال: (أوصيكم بالسمع والطاعة فإنه من يعش منكم بعدي فسيرى اختلافا كثيرا . فعليكم بسنتي وسنة الخلفاء الراشدين المهديين من بعدي تمسكوا بها وعضوا عليها بالنواجذ وإياكم ومحدثات الأمور. فإن كل بدعة ضلالة).

“നബി (ﷺ) ഞങ്ങളെ ശക്തമായി ഉപദേശിച്ചു. തദ്ഫലമായി ഹൃദയങ്ങൾ നടുങ്ങുകയും കണ്ണുകൾ ഈറനണിയുകയും ചെയ്തു. ഞങ്ങൾ ചോദിച്ചു: ‘അല്ലാഹുവിന്റെ റസൂലേ, ഇത് ഒരു വിടവാങ്ങുന്നവന്റെ ഉപദേശം പോലെയുണ്ടല്ലോ; എന്താണ് താങ്കൾക്ക് ഞങ്ങളോട് പറയാനുള്ളത്?’ അവിടുന്ന് പറഞ്ഞു: ‘നിങ്ങൾ (നേതൃത്വത്തെ) കേട്ട് അനുസരിക്കണമെന്ന് ഞാൻ വസിയ്യത്ത് ചെയ്യുന്നു. എനിക്ക് ശേഷം നിങ്ങളിൽ ആർ ജീവിച്ചിരിക്കുന്നുവോ അവർക്ക് ധാരാളം ഭിന്നതകൾ കാണാൻ കഴിയുന്നതാണ്. അപ്പോൾ നിങ്ങൾ എന്റെ ചര്യയും എനിക്ക് ശേഷമുള്ള സന്മാർഗികളും വിവേകികളുമായ ഖലീഫമാരുടെ ചര്യകളും പിൻപറ്റുക. അവ നിങ്ങൾ മുറുകെ പിടിക്കുക. അണപ്പല്ലുകൾ കൊണ്ട് അവയെ കടിച്ച് പിടിക്കുക. (മതത്തിലെ) നൂതന കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. നിശ്ചയം (മതത്തിലെ) നൂതനങ്ങളെല്ലാം തന്നെ വഴികേടാണ്.’” (അബൂദാവൂദ്)

നബി (ﷺ) ഇപ്രകാരം പറഞ്ഞതായും സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്:

ما تركت من شيء يبعدكم عن النار إلا وقد حدثتكم به

“നരകത്തിൽ നിന്നും നിങ്ങളെ അകറ്റുന്നതായ ഒന്നും തന്നെ നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാതെ വിട്ടിട്ടില്ല.” അവിടുന്ന് പറഞ്ഞു:

تركتكم على البيضاء ليلها كنهارها لا يزيغ عنها بعدي إلا هالك

“തെളിഞ്ഞ വഴിയിലാണ് ഞാൻ നിങ്ങളെ വിട്ടിരിക്കുന്നത്. അതിന്റെ രാവ് പോലും പകലിന് സമാനമാണ്. (അഥവാ അത്രക്ക് സുവ്യക്തവും പ്രകാശ പൂരിതവുമാണ് ആ

പാത എന്നർത്ഥം) എന്റെ കാലശേഷം സ്വയം നശിച്ചവനല്ലാതെ അതിൽ നിന്ന് തെറ്റിപ്പോവുകയില്ല.'' (അഹമദ്)

ഈ "മഹത്തായ അടിത്തറ" (الأصل العظيم الجامع) വ്യക്തമാക്കുന്ന അനേകം തെളിവുകൾ വിശുദ്ധ ഖുർആനിലും നബി (ﷺ) യുടെ സുന്നിത്തിലുമുണ്ട്. പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ആ രീതിയിൽ തന്നെ ശീർഷകങ്ങൾ നൽകിയിട്ടുമുണ്ട്. ഇമാം ബുഖാരി (رحمه الله) യും ബാഗവി (رحمه الله) യും മറ്റും "ഖുർആനും സുന്നത്തും മുറുകെ പിടിക്കൽ" (كتاب الاعتصام بالكتاب والسنة) എന്ന് ശീർഷകങ്ങൾ നൽകിയതപോലെ. പരിശുദ്ധ ഖുർആനും നബി (ﷺ) യുടെ സുന്നത്തും ആർ മുറുകെ പിടിക്കുന്നുവോ അവർ മുത്തഖീങ്ങളായ അല്ലാഹുവിന്റെ ഔലിയാക്കളും വിജയികളായ അവന്റെ കക്ഷിയും അതിജയിക്കുന്ന അവന്റെ സൈന്യവും ആകുന്നു. ഇമാം മാലിക്ക് (رحمه الله) നെ പോലുള്ള സലഫുകൾ പറയുമായിരുന്നു:

السنة كسفينة نوح من ركبها نجا ومن تخلف عنها غرق

"പ്രവാചകചര്യ (സുന്നത്ത്) നൂഹ് നബി (عليه السلام) യുടെ കപ്പൽ പോലെയാണ്. ആർ അതിൽ പ്രവേശിച്ചുവോ അവർ രക്ഷപ്പെട്ടു. ആർ അതിൽ നിന്ന് വിട്ടുനിന്നുവോ അവർ മുങ്ങി നശിക്കും.'' ഇമാം സുഹ്‌രി (رحمه الله) പറയുന്നു:

كان من مضى من علمائنا يقولون: الاعتصام بالسنة نجاة

"നമ്മുടെ ഉലമാക്കളുടെ കൂട്ടത്തിൽ മുൻകഴിഞ്ഞുപോയവർ ഇപ്രകാരം പറയാറുണ്ടായിരുന്നു. 'സുന്നത്ത് മുറുകെ പിടിക്കലാണ് രക്ഷ.'"

ഇത് മനസ്സിലായിക്കഴിഞ്ഞാൽ അറിയേണ്ട ഒരു സംഗതിയാണ്, തീർച്ചയായും വഴിതെറ്റിയവരെ അല്ലാഹു നേർമാർഗത്തിലാക്കുന്നതും വ്യതിചലിച്ചവർക്ക് മാർഗദർശനം നൽകുന്നതും പാപികൾക്ക് പശ്ചാത്താപം നൽകുന്നതുമൊക്കെ ഇതുകൊണ്ട് മാത്രമാണ്. അല്ലാഹു തന്റെ റസൂലിനെ നിയോഗിച്ചയച്ച ഖുർആനും സുന്നത്തും കൊണ്ട് തന്നെയായിരിക്കണം ഇത് സാധിക്കേണ്ടത്. അല്ലെങ്കിൽ, അല്ലാഹു അവന്റെ ദൂതനെ അയച്ച സംഗതികൾ അതിന് മതിയാകുന്നില്ല എന്ന് വരുമ്പോൾ അല്ലാഹുവിന്റെ റസൂലിന്റെ ദീൻ അപൂർണ്ണമാണെന്നും പൂർത്തീകരണം ആവശ്യമാണെന്നും പറയേണ്ടിവരും. അനിവാര്യമായും അറിഞ്ഞിരിക്കേണ്ട ഒന്നാണ്, തീർച്ചയായും സൽകർമ്മങ്ങൾ എന്നത് നിർബന്ധ സ്വരത്തിലോ ഐഛിക രൂപത്തിലവോ അല്ലാഹു കൽപ്പിച്ച സംഗതികളാണ്. ദുഷ്കർമ്മങ്ങളാകട്ടെ, അല്ലാഹു അവ വിരോധിച്ചിട്ടുമുണ്ട്.

ഒരു കർമ്മം ഗുണ-ദോഷ സമ്മിശ്രമാണെങ്കിൽ, നിയമനിർമാതാവായ അല്ലാഹു യുക്തിജ്ഞനാണ്. ദോഷത്തേക്കാൾ ഗുണമാണ് മികച്ചു നിൽക്കുന്നതെങ്കിൽ അവൻ അത് അനുവദിക്കും. ദോഷമാണ് ഗുണത്തേക്കാൾ മുന്നിട്ട് നിൽക്കുന്നതെങ്കിൽ അവൻ അത് അനുവദിക്കുകയില്ല. അത് വിലക്കും. അല്ലാഹു പറയുന്നു.

كُتِبَ عَلَيْكُمُ ٱلْقِتَالُ وَهُوَ كُرْهٌ لَّكُمْ ۖ وَعَسَىٰٓ أَن تَكْرَهُوا۟ شَيْـًٔا وَهُوَ خَيْرٌ لَّكُمْ ۖ وَعَسَىٰٓ أَن تُحِبُّوا۟ شَيْـًٔا وَهُوَ شَرٌّ لَّكُمْ ۗ وَٱللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ

“യുദ്ധം ചെയ്യാൻ നിങ്ങൾക്കിതാ നിർബന്ധ കൽപന നൽകപ്പെട്ടിരിക്കുന്നു. അതാകട്ടെ നിങ്ങൾക്ക് അനിഷ്ടകരമാകുന്നു. എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർത്ഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർത്ഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല.” (2:216)

അല്ലാഹു പറയുന്നു:

يَسْـَٔلُونَكَ عَنِ ٱلْخَمْرِ وَٱلْمَيْسِرِ ۖ قُلْ فِيهِمَآ إِثْمٌ كَبِيرٌ وَمَنَـٰفِعُ لِلنَّاسِ

“(നബിയേ,) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്.” (2:219)

അതിനാൽ അവ രണ്ടും (മദ്യവും ചൂതാട്ടവും) അല്ലാഹു നിഷിദ്ധമാക്കി.

ഇപ്രകാരം തന്നെയാണ് അല്ലാഹുവോ, റസൂലോ നിയമമാക്കാതെ തന്നെ ജനങ്ങൾ അല്ലാഹുവിലേക്ക് അടുക്കാനുള്ള കർമ്മങ്ങളായി കാണുന്ന കാര്യങ്ങളും. തീർച്ചയായും ഉപകാരത്തേക്കാൾ ഗുരുതരമാണ് അവയുടെ ഉപദ്രവങ്ങൾ. മറിച്ചായിരുന്നെങ്കിൽ അല്ലാഹു അവയെ അവഗണിച്ച് കളയുമായിരുന്നില്ല. നബി (ﷺ) യും യുക്തിജ്ഞനാണ്. അവിടുന്ന് മതത്തിന്റെ നന്മകൾ അവഗണിക്കുകയോ സത്യവിശ്വാസികൾക്ക് സർവ്വ ലോക രക്ഷിതാവായ അല്ലാഹുവിലേക്ക് അടുക്കാനുള്ള വഴികൾ നഷ്ടപ്പെടുത്തുകയോ ഇല്ല.

ഇത്രയും വ്യക്തമായിക്കഴിഞ്ഞാൽ ചോദ്യകർത്താവിനോട് നാം പറയട്ടെ, വൻപാപങ്ങളിൽ ഒരുമിച്ചുകൂട്ടിയിരിക്കുന്ന ആ ആളുകളെ അതിൽ നിന്ന് പിന്തിരിപ്പിച്ച് പശ്ചാത്തപിക്കാനാണ് മുമ്പ് പറഞ്ഞ ആ ശൈഖ് ഉദ്ദേശിക്കുന്നത്. അതിനാകട്ടെ മേൽ പറയപ്പെട്ട നൂതന മാർഗ്ഗമല്ലാതെ മറ്റ് വഴികളൊന്നും അദ്ദേഹത്തിന്റെ അടുക്കൽ ഇല്ലതാനും. പാപികൾക്ക് പശ്ചാത്തപിക്കുന്നതിനുള്ള മതപരമായ വഴികളെക്കുറിച്ച് ആ ശൈഖ് അജ്ഞനാണെന്നാണ് ഇത് അറിയിക്കന്നത്...... (മജ്മൂഉ ഫതാവാ)